## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1007

14.06.2012 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) 2009 ഏപ്രിൽ മാസത്തിനു മുൻപ് വിദ്യാഭ്യാസ വായ്പ എടുത്തവരുടെ പലിശ ഒഴിവാക്കിക്കൊടുക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) & (ബി) 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ ബിപിഎൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന് 2012 - 13 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇത് നടപ്പിലാക്കുന്നതിനായി ബാങ്കുകളുമായി ആലോചിച്ച് ഒരു സ്കീം തയ്യാറാക്കുന്നതിനും സർക്കാർ മുഖേന സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും ബാങ്കുകൾ നേരിട്ട് സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും അടുത്ത 6 മാസത്തേയ്ക്ക് നിർത്തിവയ്ക്കുവാൻ ബാങ്കുകളോട് ആവശ്യപ്പെടുവാനും 28/3/2012-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചു. ഈ തീരുമാനം നടപ്പിലാക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ |
| (ബി) പ്രസ്തുത കാലയളവിൽ എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നിട്ടുള്ളവർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ? | |

സർക്കാർ മുഖേന സ്വീകരിച്ചിട്ടുള്ള
റിക്കവറി നടപടികളും ബാങ്കുകൾ നേരിട്ട്
സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികളും
അടുത്ത 6 മാസത്തേയ്ക്ക്
നിർത്തിവയ്ക്കാൻ 10/4/2012-ലെ
സ.ഉ (സാധാ) നം. 132/12/പ്ലാനിംഗ്
പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതു
കൂടാതെ 'Committee on Higher
Education Loan' 12/4/2012 ൽ
യോഗം ചേരുകയും 28/3/2012-ലെ
മന്ത്രിസഭായോഗതീരുമാനം
നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട
പ്രവർത്തനങ്ങളുടെ രൂപരേഖ
തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ